ശ്രീ. വി. കെ. വേലായിസ്: സർക്കാർ സ്കൂളുകളിലാണോ പ്രൈവറ്റ സ്കൂളുകളിലാണോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടിടത്തുമുണ്ട്.

ശ്രീ. വി. കെ. വേലായിസ്: ഷിഫ്റ്റ സിസ്റ്റമുള്ള സ്കൂളുകളുടെ എണ്ണം കൂട്ടിക്കൊണ്ടു വരികയാണോ കുറച്ചുകൊണ്ടുവരികയാണോ ചെയ്യുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എണ്ണം കൂട്ടിക്കൊണ്ടുവരുന്നില്ല ചിലസ്ഥലത്തു് ഈ സിസ്റ്റമുണ്ടു്.

ശ്രീ.വി.വേലായിസ്: ഷിഫ്റ്റ സിസ്റ്റം തുടർന്നുകൊണ്ടു പോകണമെന്നാണോ ഗവൺമെണ്ടിന്റെ ഉദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ആശാസ്യമായ ഒരു നടപടിയല്ലെന്നു് ഗവൺമെണ്ടു പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതു് ഗവൺമെണ്ടിന്റെ അഭിപ്രായമാണോ? അതോ ആ ഏർപ്പാടു നിറുത്തണമെന്നു തീരുമാനിച്ചു കഴിഞ്ഞുവോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അനാശാസ്യമായ കാര്യങ്ങൾ നിറുത്തണമല്ലോ.

Sri. Elias Mary Antony: Are Government aware that there is provision in the Budget for the abolition of the Shift System.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം. എനിക്കു് ഓർമ്മയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഷിഫ്റ്റ സിസ്റ്റം തുടർന്നുകൊണ്ടു പോകുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നിറുത്തുന്നതിനു പല ബുദ്ധിമുട്ടുകളും ഉണ്ടു്. കെട്ടിടങ്ങൾവേണം, അതിലേക്കു കൂടുതൽ പണച്ചെലവുണ്ടു്. കൂടാതെ കൂടുതൽ അദ്ധ്യാപകന്മാർ വേണ്ടിവരും. മാത്രമല്ല ഈ സിസ്റ്റം നിറുത്തുന്നതോടുകൂടി പ്രാഥമിക വിദ്യാഭ്യാസപദ്ധതിയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി ആലോചിക്കണം. അതിനെല്ലാം കുറച്ചുസമയം വേണം.

സൌജന്യവിദ്യാഭ്യാസം

*നമ്പർ. (നമ്പർ) ശ്രീ വി കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഇൻഡ്യൻ ഭരണഘടനയനുസരിച്ചു് ഏതു വയസ്സുവരെ സൌജന്യവിദ്യാഭ്യാസം കുട്ടികൾക്കു് കൊടുക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവൺമെണ്ടു് ഉണ്ടാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ):

പ്രൈമറി സ്കൂളുകളിൽ പ്രായം തന്നെ വിദ്യാഭ്യാസം സൌജന്യമായി കൊടുത്തുവരുന്നുണ്ടു്. ഭരണഘടന അനുസരിച്ചു് ഏതു വയസ്സുവരെ സൌജന്യവിദ്യാഭ്യാസം കൊടുക്കേണ്ട കാര്യത്തെപ്പറ്റി ഗവൺമെണ്ടു് പദ്ധതി ഒന്നും ഉണ്ടാക്കിയിട്ടില്ല.

Question No. 34. The answer to this question was laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly